**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** | **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

**(എ)** സംസ്ഥാനത്തെ നിലവിലെ ധനസ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(എ)** സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് ഒൻപതിനായിരം കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പുതല കണക്കുകൾ പ്രകാരം 750 കോടിക്ക് മുകളിൽ വരും. അതേ സമയം, ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

**(ബി)** 2022 നവംബർ 15 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണ് ;

**(ബി)** അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്.

**(സി)** 2016 ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ കടം എടുത്തു എന്നും ഏതെല്ലാം മേഖലയിൽ നിന്നും എത്ര ശതമാനം പലിശക്കാണ് കടം എടുത്തതെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

**(സി)** അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 മുതൽ 2022-23 ഒക്ടോബർ വരെ സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പാ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 upto October 31 |
|---|---|---|---|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 | 14969 | 24514.06 | 20317.49 | 5233.06 |
| കേന്ദ്രസർക്കാരിൽ നിന്നു ള്ള വായ്പാ (തനി) | 379.43 | -130.15 | -240.58 | 1436.77 | 527.45 | -24.67 | -97.85 |
| പൊതുകടം (തനി) | 16151.89 | 17101.67 | 15249.92 | 16405.77 | 25041.51 | 20292.82 | 5135.20 |

Market Borrowing വഴിയും NABARD, NSSF, LIC, GIC, NCDC, HUDCO തുടങ്ങിയ സ്ഥാപനങ്ങൾ വഴിയും കേന്ദ്രസർക്കാർ മുഖേന ലഭ്യമായ വിദേശ വായ്പകൾ (Externally Aided Projects) വഴിയുമാണ് പ്രധാനമായും സർക്കാർ വായ്പയെടുക്കുന്നത്. അതത് കാലഘട്ടത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന പലിശ നിരക്കിലാണ് വായ്പയെടുക്കുന്നത്.

വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല.

**(ഡി)** ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപ ഏതെല്ലാം വിഭാഗങ്ങൾക്ക് കുടിശ്ശിക ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ;

**(ഡി)** സാമൂഹ്യ സുരക്ഷാ പെൻഷനുകളും സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും കുടിശ്ശികയില്ല. മറ്റ് പെൻഷനുകൾ അതാത് ഭരണ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്. തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകൾ അതാത് ബോർഡുകളിലെ നിയമാവലി പ്രകാരമാണ് പെൻഷൻ വിതരണം നടത്തുന്നത്.

**(ഇ)** സർക്കാർ ഉദ്യോഗസ്ഥരുടെ ഡി എ ഇനത്തിൽ എത്ര ഗഡു കുടിശ്ശിക ഉണ്ടെന്നും അവ

**(ഇ)** 01.01.2021 മുതലുള്ള ഡി.എ കണക്കാക്കിയിട്ടില്ല. സർക്കാർ ഉദ്യോഗസ്ഥരുടെ ഡി.എ. വിതരണം ചെയ്യുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആർജ്ജിത അവധി സറണ്ടർ പുനസ്ഥാപിക്കുന്നത് പരിഗണിക്കുന്നതാണ്.

| | | | |
|---|---|---|---|
| | എന്നത്തേക്ക് വിതരണം ചെയ്യാനാവുമെന്നും ലീവ് സറണ്ടർ ചെയ്യുന്നതിനുള്ള നിരോധനം എന്നത്തേക്ക് നീക്കം ചെയ്യുമെന്നും വിശദമാക്കുമോ; | | |
| (എഫ്) | സാമ്പത്തിക പ്രതിസന്ധി തുടരുന്നതിനിടെ വിദേശയാത്ര, വിലയേറിയ കാറുകൾ വാങ്ങൽ എന്നിവക്ക് പണം ചെലവഴിക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എഫ്) | വിദേശയാത്രയ്ക്കും, പുതിയ കാറുകൾ വാങ്ങുന്നതിനും നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാവാത്ത സന്ദർഭങ്ങളിൽ വിദേശയാത്ര നടത്തുന്നതിനും, കാറുകൾ വാങ്ങുന്നതിനും മന്ത്രിസഭയുടെ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. |
| (ജി) | പൊതുജനങ്ങൾക്ക് നികുതി ഭാരം ഇല്ലാതെ സംസ്ഥാനത്തെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | (ജി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള നടപടികളിലൂടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ